# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1029

30.01.2019 - ൽ മറുപടിക്ക്

## ചങ്കുവെട്ടി ഇ.എസ്.ഐ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ചങ്കുവെട്ടി ഇ.എസ്.ഐ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച പ്രൊപ്പോസലുമായി ബന്ധപ്പെട്ട, ഇൻഷ്വറൻസ് വകുപ്പിലെ ഇ/2682669/2018/എം(എൽ ബി ആന്റ് ആർഡി) എന്ന ഫയലിലെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ; | (എ) | കോട്ടയ്ക്കൽ ഇ.എസ്.ഐ ഡിസ്പെൻസറി (ചങ്കുവെട്ടി) യുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച പ്രൊപ്പോസൽ എഫ്2/87/18/തൊഴിൽ നമ്പർ ഫയലിൽ സർക്കാരിൽ പരിശോധിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറോട് സർക്കാർ തലത്തിൽ 27.07.2018 ൽ റിപ്പോർട്ട് ആരാഞ്ഞിരുന്നു. ആയത് 26.11.2018 ൽ ലഭിച്ചിരുന്നു. ആയതിൽ നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ നിന്നും കുറച്ചുകൂടി സൗകര്യം കൂടുതലുള്ള അനുയോജ്യമായ മറ്റൊരു വാടക കെട്ടിടം കണ്ടെത്തി നൽകുന്നതിന് ഇ.എസ്.ഐ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്നും ടി ഡിസ്പെൻസറിയിൽ ഒരു കോൺട്രാക്ട് ഡോക്ടറെ നിയമിക്കുകയും ഭരണപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിന് സമീപ സ്ഥാപനത്തിലെ ഡോക്ടറെ ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയമിക്കുകയും ഫാർമസിസ്റ്റിന്റെ ഒഴിവ് |

| | | | |
|---|---|---|---|
| | | | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് 23.01.2019 ലെ എഫ്2/87/2018/തൊഴിൽ നമ്പർ കത്ത് പ്രകാരം ഇ.എസ്.ഐ കോർപ്പറേഷനുമായി ബന്ധപ്പെട്ട് വാടക കെട്ടിടം അടിയന്തരമായി കണ്ടെത്തി ഡിസ്പെൻസറി മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. |
| (ബി) | ഇത് സംബന്ധിച്ച് ഇ.എസ്.ഐ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) യും (സി) യും | കോട്ടക്കൽ ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി കൂടുതൽ സൗകര്യമുള്ള പുതിയ വാടക കെട്ടിടം കണ്ടെത്തണമെന്ന് കോട്ടക്കൽ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഇ.എസ്.ഐ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഇ.എസ്.ഐ കോർപ്പറേഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ 05.01.2019 ലെ എ 2-24145/2018/ഡി.ഐ.എം.എസ് നമ്പർ കത്ത് മുഖേന ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ഇ.എസ്.ഐ കോർപ്പറേഷന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ ആഫീസറുടെ ഒഴിവിലേക്ക് പി.എസ്.സി ശുപാർശ പ്രകാരം നിയമനം നൽകിയെങ്കിലും ടി ഡോക്ടർ പി.ജി കോഴ്സ് ചെയ്യുന്നതിനാൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല. നിലവിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം ലഭിച്ച ഡോക്ടർ ജോലി ചെയ്യുന്നുണ്ട്. ഫാർമസിസ്റ്റിന്റെ ഒഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൽക്കാലത്തേയ്ക്ക് സമീപസ്ഥാപനമായ കുറ്റിപ്പുറം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്നും ഒരു ഫാർമസിസ്റ്റിന്റെ സേവനം ആഴ്ചയിൽ 3 ദിവസത്തേക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ ചങ്കുവെട്ടി ഇ.എസ്.ഐ ആശുപത്രിയുമായി ബന്ധപ്പെട്ട എല്ലാ ഫയൽ വിവരങ്ങളും ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | വാടക കെട്ടിടം സംബന്ധിച്ച് എ 2-24145/2018 എന്ന ഫയലും മെഡിക്കൽ ഓഫീസറുടെ നിയമനം സംബന്ധിച്ച് ഇ 1-21631/2018 എന്ന ഫയലും ഫാർമസിസ്റ്റിന്റെ നിയമനം സംബന്ധിച്ച് ഇ 4-24115/2017 എന്ന ഫയലുമാണ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ